(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ്;

(സി) കൽപ്പറ്റ പോലീസ് സബ് ഡിവിഷന്റെ അധികാരപരിധിയിൽ ഇപ്പോഴും വടക്കെ വയനാട് താലൂക്കുംകൂടി ഉൾപ്പെടുത്തിയതുകൊണ്ട് കൽപ്പറ്റ പോലീസ് സബ് ഡിവിഷൻ വിഭജിച്ച് താമരശ്ശേരി ആസ്ഥാനമാക്കി പുതിയ സബ് ഡിവിഷൻ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി) ഇപ്പോഴും പുതിയ സബ് ഡിവിഷനുകൾ സ്ഥാപിക്കുവാനുള്ള നിർദ്ദേശങ്ങളൊന്നും ഗവൺമെന്റിന്റെ പരിഗണനയിലില്ല.

അദ്ധ്യാപക എൻ. ജി. ഒ. സമരം

132 [189] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതാനും മാസങ്ങൾക്കുമുമ്പ് സമരം ചെയ്യുമെന്ന് പ്രഖ്യാപിച്ച ഈ സംസ്ഥാനത്തെ അദ്ധ്യാപകരുടേയും എൻ. ജി. ഒ. മാരുടേയും സമരം ഒഴിവാക്കുന്നതിലേക്ക് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) അദ്ധ്യാപകരുടേയും എൻ. ജി. ഒ. മാരുടേയും ആവശ്യങ്ങൾ എന്തായിരുന്നു;

(സി) അവർക്കനുവദിച്ച ആനുകൂല്യങ്ങൾ എന്തെല്ലാം;

(ഡി) ഒത്തുതീർപ്പിലെ ഏതെല്ലാം കാര്യങ്ങൾ നടപ്പിലാക്കി;

(ഇ) ബാക്കി നടപ്പിലാക്കുവാനുള്ളത് ഏതെല്ലാം;

(എഫ്) കേന്ദ്രം പുതുതായി അനുവദിച്ച ഡി. എ. അതേനിരക്കിൽ അതേ തീയതി മുതൽ കേരളത്തിലെ എൻ. ജി. ഒ. മാർക്കും നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എൻ. ജി. ഒ. മാരും അദ്ധ്യാപകരും പ്രഖ്യാപിച്ചിരുന്ന സമരം ഒഴിവാക്കാനായി അവരുടെ സംഘടനാപ്രതിനിധികളുമായി ഗവൺമെന്റ് കൂടിയാലോചനകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കാമെന്ന് തീരുമാനിക്കുകയുമുണ്ടായി.

(1) സർവ്വീസിൽ ആദ്യമായി പ്രവേശിച്ച തസ്തികയിൽ തുടർച്ചയായി 13 വർഷം സർവ്വീസുള്ളവരും ഈ കാലയളവിൽ യാതൊരു പ്രമോഷനും ലഭിച്ചിട്ടില്ലാത്തവരുമായ എല്ലാ എൻ. ജി. ഒ. മാർക്കും ഒരു ഹയർ ഗ്രേഡ് നൽകുക.

(2) 25 കൊല്ലമോ അതിൽ കൂടുതലോ സർവ്വീസുള്ള ജീവനക്കാർക്ക് മൂന്നാമത് ഒരു ഇംക്രിമെന്റുകൂടി വെയിറ്റേജായി 1-7-1978 മുതൽ നൽകുക. വെയിറ്റേജിന്റെ മൊത്തം തുക ശമ്പളപരിഷ്കരണ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള 50 രൂപയിൽ കൂടാൻ പാടില്ല എന്ന വ്യവസ്ഥയ്ക്കു വിധേയമായിട്ടായിരിക്കും ഇത് അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(3) കേന്ദ്രഗവൺമെൻറ് ജീവനക്കാർ വാങ്ങിക്കൊണ്ടിരുന്ന പുതുക്കിയ ക്ഷാമബത്തയുമായി തട്ടിച്ചുനോക്കുമ്പോൾ സംസ്ഥാന ജീവനക്കാർക്ക് 1-4-1973 മുതൽ അനുവദിച്ച ക്ഷാമബത്തയിലുണ്ടായിട്ടുള്ള കുറവ് പരിഹരിക്കുക.

(4) ഇപ്പോൾ ഒന്നാം ഗ്രേഡ് ലഭിക്കാൻ പ്രൈവറ്റ് അദ്ധ്യാപകന് 15 വർഷവും ഹൈസ്കൂൾ അദ്ധ്യാപകന് 12 വർഷവും സർവ്വീസ് ആവശ്യമാണ്. ഇത് യഥാക്രമം 13 വർഷവും 10 വർഷവുമായി കുറയ്ക്കാമെന്നു സമ്മതിച്ചു. കോളേജ് ലക്ചറർമാർക്ക് നോൺകേഡർ പ്രൊഫസറായി പ്രമോഷൻ ലഭിക്കാൻ ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള 15 വർഷം 13 ആയി കുറയ്ക്കാമെന്നും തീരുമാനിച്ചു.

(5) ശമ്പള പരിഷ്കരണ ഉത്തരവിൽ അപാകതകൾ ഉണ്ടെങ്കിൽ അവ എത്രയും വേഗം പരിശോധിച്ചു തീരുമാനമെടുക്കുക.

(6) റൂൾസ് റിവിഷൻ കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കുക, കോളേജ് അദ്ധ്യാപകർക്ക് യു. ജി. സി. സ്കെയിലുകൾ നൽകുക, ശമ്പള പരിഷ്കരണ ഉത്തരവിൽ നിറുത്തിവച്ചതായ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക മുതലായ കാര്യങ്ങളെസംബന്ധിച്ച് ജീവനക്കാരുടെ പ്രതിനിധികളുമായി വീണ്ടും ചർച്ചയാരംഭിക്കുക.

(7) അദ്ധ്യാപകരുടെ ചില പ്രത്യേക പ്രശ്നങ്ങളെ സംബന്ധിച്ചുള്ള ചർച്ച ഒരു മാസത്തിനകം ആരംഭിക്കുക.

(8) കെ. എസ്. ആർ. ലെ റൂൾ 14 എ, കെ. ഇ. ആർ. ലേയും യൂണിവേഴ്സിറ്റി ആക്ടിലേയും സമാനവ്യവസ്ഥകൾ ഇവ റദ്ദാക്കണമെന്ന ആവശ്യത്തെ പരിഗണിച്ച് ജീവനക്കാർക്ക് ഒരു പ്രത്യേക പെരുമാറ്റച്ചട്ടം ഉണ്ടാക്കാൻ സാധിക്കുമോ എന്ന കാര്യത്തെപ്പറ്റി ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ചചെയ്യുക.

(ബി) അദ്ധ്യാപക സർവ്വീസ് സംഘടനാസമിതി ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ താഴെ പറയുന്നവയാണ്:

(1) ആവശ്യാധിഷ്ഠിത മിനിമംവേതനതത്വം അംഗീകരിക്കുക.

(2) സംസ്ഥാന ജീവനക്കാർക്ക് സമാനമേഖലകളിലെ മിനിമം സാമ്പത്തികാനുകൂല്യം ഉറപ്പുവരുത്തുക.

(3) ക്ഷാമബത്തയ്ക്കു നിലവിലുള്ള ദേശീയതത്വം കേരളത്തിലും നിലനിർത്തുക.

(4) പ്രമോഷൻ സാധ്യതകൾ വർദ്ധിപ്പിക്കുകയും സംസ്ഥാന ജീവനക്കാർക്ക് പ്രമോഷൻ കുറവായ മേഖലകളിൽ ഓരോ അഞ്ചുവർഷത്തിനും ഗ്രേഡ് അനുവദിക്കുകയും ചെയ്യുക.

(5) സ്കൂൾ അദ്ധ്യാപകരുടെ ഹയർഗ്രേഡ്, സീനിയർഗ്രേഡ് എന്നിവയുടെ കാലദൈർഘ്യം കുറയ്ക്കുക.

(6) കോളേജ് യൂണിവേഴ്സിറ്റി അദ്ധ്യാപകർക്ക് യു.ജി.സി. ശമ്പളനിരക്കുകൾ, യു.ജി.സി. നിർദ്ദേശിച്ച തീയതി മുതൽ നടപ്പാക്കുക.

(7) വെയിറ്റേജിന് നീതിപൂർവ്വമായ മാനദണ്ഡം അംഗീകരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(8) നിലവിലുള്ള ആനുകൂല്യങ്ങൾ നിലനിർത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യുക.

(9) സിറ്റി കോമ്പൻസേറ്ററി അലവൻസ്, മെഡിക്കൽ അലവൻസ്, ട്രാവൽ ആനുകൂല്യങ്ങൾ, വിദ്യാഭ്യാസ അലവൻസ് തുടങ്ങിയവ അനുവദിക്കുക.

(10) ബോണസ് അനുവദിക്കുക.

(11) കെ.എസ്.ആർ.-ലെ റൂൾ 14 എ യും. കെ.ഇ.ആർ. യൂണിവേഴ്സിറ്റി ആക്ട് എന്നിവയിലെ സമാന ഭേദഗതി നിയമങ്ങളും റദ്ദ് ചെയ്യുക.

(12) പ്രതികാര നടപടികൾ റദ്ദുചെയ്യുക.

(13) റൂൾസ് റിവിഷൻ കമ്മിറ്റി ശുപാർശകൾ അംഗീകരിച്ചു നടപ്പാക്കുക.

അദ്ധ്യാപക സംഘടനകളുടെ കോൺഫഡറേഷൻ ഗവൺമെൻറിന് സമർപ്പിച്ചിരുന്ന നിവേദനത്തിൽ താഴെപ്പറയുന്ന ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു:

ശമ്പളപരിഷ്കരണത്തെ സംബന്ധിച്ചവ—

(1) മിനിമം വേതനം 1978 ജനുവരി ഒന്നാം തീയതി അവസാനിച്ച 12 മാസത്തെ റിലസൂചികയുടെ ശരാശരി 320 ആയി കണക്കാക്കിയാൽ 502 രൂപയായി നിജപ്പെടുത്താൻ കഴിയും. അതിനുമുകളിലുള്ള അദ്ധ്യാപകരുടേതുപോലുള്ള തസ്തികകളുടെ വേതനഘടന യോഗ്യതയുടേയും ജോലി സ്വഭാവത്തിന്റേയും അടിസ്ഥാനത്തിൽ പുനർനിർണ്ണയം ചെയ്യുക.

(2) കേന്ദ്രഗവൺമെൻറിന്റെ ഡി. എ. ഫോർമുല പുനസ്ഥാപിക്കുക.

(3) അദ്ധ്യാപകരുടെ ഹയർഗ്രേഡിന്റെ കാലദൈർഘ്യം കുറയ്ക്കുകയും മൊത്തം സർവ്വീസിനു സീനിയർ ഗ്രേഡ് നിജപ്പെടുത്തുകയും ചെയ്യുക.

(4) വീട്ടുവാടക സാർവ്വത്രികമാക്കിയത് താലൂക്ക് അടിസ്ഥാനനിരക്കിലാക്കുക. റൂൾ 14 ബി ഒപ്റ്റ് ചെയ്ത അദ്ധ്യാപകർക്ക് വീട്ടുവാടക നൽകുക. ഗവൺമെൻറ് ക്വാർട്ടേഴ്സിൽ താമസിക്കുന്ന അദ്ധ്യാപകർ നൽകേണ്ട വീട്ടുവാടക ശതമാനം കുറയ്ക്കുക.

(5) പ്രൈമറി അദ്ധ്യാപകരുടെ സീനിയർ ഗ്രേഡ്, ഹൈസ്കൂൾ അദ്ധ്യാപകരുടെ ഫസ്റ്റ്ഗ്രേഡിനോട് തുല്യമാക്കുകയും ഹൈസ്കൂൾ അദ്ധ്യാപകരുടെ ഹയർഗ്രേഡ് കോളേജ് ലക്ചറുടെ വേതനത്തോടും അവരുടെ സീനിയർ ഗ്രേഡ് കോളേജിലെ സെക്കൻറ് ഗ്രേഡ് പ്രൊഫസറുടെ ഗ്രേഡിനോടും തുല്യമാക്കി പ്രൈമറി സ്കൂൾ-കോളേജ് അദ്ധ്യാപകരുടെ വേതന ഘടനയെക്കുറിച്ച് കോത്താരിക്കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള അനുപാതം നടപ്പാക്കുകയും ചെയ്യുക.

(6) പ്രൈമറി ഹെഡ്മാസ്റ്റർമാരുടെ ശമ്പളം ഹൈസ്ക്കൂളിലെ സീനിയർഗ്രേഡ് അദ്ധ്യാപകന്റെ ശമ്പളത്തിനു തുല്യമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly